**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 136** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>നെൽകൃഷി സംരക്ഷണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേമൻ

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് നെൽവയലുകൾ സംരക്ഷിക്കുന്നതിനും തരിശുഭൂമിയിൽ കൃഷി ഇറക്കുന്നതിനുമായി ആവിഷ്കരിച്ച തരിശുരഹിത ഗ്രാമം പദ്ധതിയിലൂടെ എത്ര ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കി മാറ്റാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u> മുൻ സർക്കാരിന്റെ കാലത്ത് നെൽ വയലുകൾ സംരക്ഷിക്കുന്നതിനും തരിശുഭൂമിയിൽ കൃഷി ഇറക്കുന്നതിനുമായി ആവിഷ്കരിച്ച തരിശുരഹിത ഗ്രാമം പദ്ധതിയിലൂടെ സംസ്ഥാനമൊട്ടാകെ 4378.9416 ഹെക്ടർ തരിശുഭൂമി (നെൽവയൽ ) കൃഷിയോഗ്യമാക്കിയിട്ടുണ്ട്.**

**കേരളത്തിലെ മുഴുവൻ തരിശു ഭൂമിയും Map ചെയ്യുവാൻ സർക്കാർ തലത്തിൽ പ്രത്യേക യോഗം വിളിച്ചുചേർത്തിട്ടുണ്ട്. സർക്കാർ, സ്വകാര്യ മേഖലകളിലെ തരിശ് ഭൂമിയിൽ മുഴുവൻ കൃഷിയിറക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു.**

**(ബി)** നെൽകൃഷി നിലനിർത്തുന്ന കർഷകർക്ക് പ്രോത്സാഹനമായി ഇന്ത്യയിലാദ്യമായി ഹെക്ടറിന് മൂവായിരം രൂപ നിരക്കിൽ റോയൽറ്റി നൽകുന്ന പദ്ധതി നടപ്പിലാക്കിയത് കർഷകർക്ക് എത്രത്തോളം സാമ്പത്തിക സുരക്ഷ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u> ഇന്ത്യയിലാദ്യമായി, നെൽവയലുകൾ നിലനിർത്തുന്ന നെൽവയൽ ഉടമസ്ഥർക്ക് പ്രോത്സാഹനമായി ഹെക്ടറിന് മൂവായിരം രൂപ നിരക്കിൽ നൽകുന്ന പദ്ധതിയായ *റോയൽറ്റി* നടപ്പിലാക്കിയത് 2020-21 സാമ്പത്തിക വർഷം മുതൽ ആണ്. 2020-21 സാമ്പത്തിക വർഷത്തിൽ ഹെക്ടറിന് 2,000രൂപയായിരുന്ന റോയൽറ്റി തുക 2022-23 സാമ്പത്തിക വർഷം മുതൽ ഹെക്ടറിന് 3,000 രൂപയായി വർദ്ധിപ്പിച്ചു. പ്രസ്തുത പദ്ധതി പ്രകാരം കർഷകർക്കുണ്ടായ സാമ്പത്തിക സുരക്ഷിതത്വം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :**

**2020-21 മുതൽ നാളിതുവരെ നെൽവയൽ ഉടമകൾക്കുള്ള റോയൽറ്റി പദ്ധതി പ്രകാരം 3015.04965 ലക്ഷം രൂപയുടെ ക്ലെയിമുകൾ അംഗീകരിക്കുകയും ഇതിൽ 1542.62684 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കുടിശ്ശിക തുകയായ 1472.42281 ലക്ഷം രൂപ, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്.**

**മൂന്ന് വർഷം തുടർച്ചയായി തരിശായി കിടന്നാൽ റോയൽറ്റി റദ്ദാക്കുമെന്ന വ്യവസ്ഥയുള്ളതിനാൽ, ഭൂമി കൃഷിയോഗ്യമായി നിലനിർത്താൻ ഭൂവുടമകൾ ശ്രദ്ധിക്കുന്നു. റോയൽറ്റി കൈപ്പറ്റുന്ന നെൽവയൽ ഉടമസ്ഥർക്ക് കൃഷി ചെയ്യാൻ താൽപ്പര്യമില്ലാത്ത സാഹചര്യത്തിൽ ടി സ്ഥലം കൃഷി ചെയ്യുവാനായി കർഷകർക്ക് വിട്ടു നൽകുവാൻ തയ്യാറാകുന്നത് കാരണം കർഷകർക്ക് കൂടുതൽ സ്ഥലത്ത് കൃഷി ചെയ്ത് കൂടുതൽ വരുമാനം നേടുവാൻ സാധിക്കുന്നു.**

**(സി)** കേന്ദ്ര സർക്കാരിന്റെ നെല്ല് സംഭരണ വില കിലോഗ്രാമിന് 18 രൂപ ആയിരുന്നപ്പോൾ സംസ്ഥാന സർക്കാർ അത് 28 രൂപയായും പിന്നീട് വർദ്ധിപ്പിച്ചും നൽകിയത് കർഷകരുടെ വരുമാനത്തിൽ എന്ത് മാറ്റമാണ് ഉണ്ടാക്കിയത് വ്യക്തമാക്കാമോ;

**മറുപടി:** 2019-20 മുതൽ 2025-26 വരെയുള്ള കാലയളവിൽ നെല്ല് സംഭരണത്തിനായി കേന്ദ്ര സർക്കാർ നിശ്ചയിച്ച മിനിമം താങ്ങുവിലയ്ക്ക് (MSP) പുറമെ സംസ്ഥാന സർക്കാർ അധികമായി സംസ്ഥാന ഇൻസെന്റീവ് ബോണസ് (SIB) അനുവദിച്ചുവരുന്നു. 2019-20-ൽ കേന്ദ്ര സർക്കാരിന്റെ MSP കിലോഗ്രാമിന് ₹18.15 ആയിരുന്നപ്പോൾ സംസ്ഥാന സർക്കാർ ₹8.80 അധികമായി നൽകി കർഷകരിൽ നിന്ന് കിലോഗ്രാമിന് ₹26.95 നിരക്കിൽ നെല്ല് സംഭരിച്ചു. 2020-21-ൽ കേന്ദ്ര MSP ₹18.68 ഉം സംസ്ഥാന വിഹിതം ₹8.80 ഉം ചേർത്ത് ₹27.48 നിരക്കിലും, 2021-22-ൽ കേന്ദ്ര MSP ₹19.40 ഉം സംസ്ഥാന വിഹിതം ₹8.60 ഉം ചേർത്ത് ₹28.00 നിരക്കിലും നെല്ല് സംഭരിച്ചു.

തുടർന്നുള്ള വർഷങ്ങളിലും കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നയം തുടരുകയുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ MSP കിലോഗ്രാമിന് ₹23.69 ആയിരുന്നതിനോടൊപ്പം സംസ്ഥാന സർക്കാർ ₹6.31 അധികമായി അനുവദിച്ച് ആകെ ₹30.00 നിരക്കിൽ നെല്ല് സംഭരിച്ചുവരുന്നു. വരുമാന വർദ്ധനവ് സംബന്ധിച്ച 2025-26 വർഷം അടിസ്ഥാനപ്പെടുത്തി സാങ്കേതികമായി പരിശോധിക്കുമ്പോൾ കുറഞ്ഞ താങ്ങുവില യഥാർത്ഥ വരുമാനമായും, പ്രോത്സാഹനബോണസ് അധികവരുമാനമായും കണക്കാക്കിയാൽ, ബോണസ് കർഷകന്റെ വരുമാനത്തിൽ 26.63 % വർദ്ധനവ് സൃഷ്ടിച്ചതായി വിലയിരുത്താവുന്നതാണ്.

| സാമ്പത്തിക വർഷം | കേന്ദ്ര സർക്കാരിന്റെ MSP (Rs./Kg) | സംസ്ഥാന സർക്കാരിന്റെ SIB (Rs./Kg) | കർഷകന് ലഭിച്ച ആകെ വില (Rs./Kg) |
|---|---|---|---|
| 2019-20 | 18.15 | 8.80 | 26.95 |
| 2020-21 | 18.68 | 8.80 | 27.48 |
| 2021-22 | 19.40 | 8.60 | 28.00 |
| 2022-23 | 20.40 | 7.80 | 28.20 |
| 2023-24 | 21.83 | 6.37 | 28.20 |
| 2024-25 | 23.00 | 5.20 | 28.20 |
| 2025-26 | 23.69 | 6.31 | 30.00 |

കർഷകർക്ക് നൽകുന്ന ബോണസ്, വർധിച്ചുവരുന്ന കൃഷിച്ചെലവിന്റെ ആഘാതം ലഘൂകരിക്കുന്നതിനും കൃഷിയിൽ നിന്ന് ന്യായമായ വരുമാനം ഉറപ്പാക്കുന്നതിനുമായി ഉദ്ദേശിച്ചിട്ടുള്ളതാണ്. തൊഴിലാളി

വേതനം, വിത്ത്, വളം, സസ്യസംരക്ഷണ രാസവസ്തുക്കൾ, ജലസേചനം, മറ്റ് ഉൽപ്പാദന ഘടകങ്ങൾ എന്നിവയുടെ ചെലവിലുണ്ടാകുന്ന വർധനവ് കാർഷിക ഉൽപ്പാദനച്ചെലവ് ഗണ്യമായി ഉയർത്തിയിട്ടുണ്ട്. പല സാഹചര്യങ്ങളിലും വിപണി വിലയോ സംഭരണ വിലയോ മാത്രം ഈ വർധിച്ച ചെലവുകൾക്ക് മതിയായ പ്രതിഫലം നൽകുന്നില്ല.

ഈ സാഹചര്യത്തിൽ, ബോണസ് ഒരു അധിക സാമ്പത്തിക പിന്തുണാ സംവിധാനമായി പ്രവർത്തിക്കുകയും കൃഷിച്ചെലവിന്റെ ഒരു ഭാഗം നികത്തുകയും ചെയ്യുന്നു. ഇതുവഴി ഉൽപ്പാദനച്ചെലവും കർഷകർക്ക് ലഭിക്കുന്ന വരുമാനവും തമ്മിലുള്ള അന്തരം കുറയുകയും കർഷകരുടെ വരുമാനം മെച്ചപ്പെടുകയും ചെയ്യുന്നു. അതോടൊപ്പം, കൃഷിയുടെ സാമ്പത്തിക പ്രായോഗികത നിലനിർത്തുന്നതിനും കർഷകരെ സാമ്പത്തിക പ്രതിസന്ധികളിൽ നിന്ന് സംരക്ഷിക്കുന്നതിനും ബോണസ് സഹായിക്കുന്നു.

കൂടാതെ, ബോണസ് നൽകുന്നത് കർഷകരെ കൃഷി തുടരാൻ പ്രോത്സാഹിപ്പിക്കുകയും കൃഷിഭൂമി കൃഷിയില്ലാതെ ഉപേക്ഷിക്കുന്ന പ്രവണത കുറയ്ക്കുകയും ചെയ്യുന്നു. ഇത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും സഹായകമാണ്. കൂടാതെ, അടുത്ത കൃഷിക്കാലത്തിനായി വീണ്ടും നിക്ഷേപം നടത്താനും മെച്ചപ്പെട്ട സാങ്കേതികവിദ്യകൾ സ്വീകരിക്കാനും കാർഷിക ഉൽപ്പാദനക്ഷമത നിലനിർത്താനും ബോണസ് സഹായകമാകുന്നു

അതിനാൽ, ബോണസ് നൽകുന്നത് വർധിച്ച കൃഷിച്ചെലവിന് ഭാഗികമായ നഷ്ടപരിഹാരം നൽകുന്നതിനും, കർഷകവരുമാനം സ്ഥിരതയാർന്നതാക്കുന്നതിനും, കാർഷിക മേഖലയുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്നതിനുമുള്ള സർക്കാർ ഇടപെടലാണ്. ഒരു പ്രോത്സാഹനമെന്നതിലുപരി, കൃഷിയുടെ സാമ്പത്തിക നിലനിൽപ്പിനാവശ്യമായ ഒരു പിന്തുണാ സംവിധാനവുമാണ്.

**(ഡി)** ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചതും ജി.പി.എസ്. സംവിധാനം വഴി നെൽവയലുകൾ നിരീക്ഷിക്കാൻ സംവിധാനമൊരുക്കിയതും കാർഷിക ഭരണനിർവ്വഹണത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചത് വഴി കാർഷിക ഭരണനിർവ്വഹണത്തിൽ വരുത്തിയ പ്രധാന മാറ്റങ്ങൾ താഴെ പറയുന്നവയാണ്:

- ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റി യിലുമുള്ള പ്രാദേശികതല നിരീക്ഷണ സമിതി (LLMC) ആണ് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത്.
- കൃഷിയോഗ്യമായ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും വിവരങ്ങൾ, അവയുടെ സർവ്വേ നമ്പറുകൾ, വിസ്തീർണ്ണം എന്നിവ ഇതിൽ ഉൾപ്പെടുന്നു
- ഡാറ്റാ ബാങ്ക് വിജ്ഞാപനം ചെയ്ത ശേഷം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കുന്നു.
- നെൽവയലുകളുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യാനുള്ള ചുമതല കൃഷി ഓഫീസർമാർക്കാണ്. നിയമലംഘനങ്ങൾ വീഴ്ച കൂടാതെ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് (RDO) റിപ്പോർട്ട് ചെയ്യേണ്ടത് ഇവരുടെ ഉത്തരവാദിത്തമാണ്.
- നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവരിൽ നിന്ന് ഈടാക്കുന്ന പിഴയും തരം മാറ്റുന്നതിനുള്ള ഫീസും കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് (Agricultural Promotion Fund) നിക്ഷേപിക്കുന്നു.

സംസ്ഥാനത്തെ കാർഷിക വികസന പദ്ധതികൾക്കും നിയമവിരുദ്ധമായി നികത്തിയ വയലുകൾ പൂർവ്വസ്ഥിതിയിലാക്കാനും ഈ ഫണ്ട് ഉപയോഗിക്കുന്നു.

- ബി.ടി.ആർ (Basic Tax Register) രേഖകളിൽ നെൽവയൽ എന്ന് രേഖപ്പെടുത്തിയതും എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയെ "നോട്ടിഫൈ ചെയ്യപ്പെടാത്ത ഭൂമി" എന്ന് വിളിക്കുന്നു. ഇത്തരം ഭൂമിയുടെ തരം മാറ്റുന്നതിന് 2018-ലെ ഭേദഗതി പ്രകാരം പ്രത്യേക നിയമങ്ങളും ഫീസുകളുംനിലവിൽ വന്നു.
- നെൽവയലുകൾ തരിശായി ഇട്ടിരിക്കുക യാണെങ്കിൽ അവ നേരിട്ടോ മറ്റ് ഏജൻസികൾ (ഉദാ. കുടുംബശ്രീ, പാടശേഖര സമിതികൾ) മുഖേനയോ കൃഷി ചെയ്യിക്കാനുള്ള വ്യവസ്ഥകൾ നിലവിൽ വന്നു.
- ഭരണനിർവ്വഹണം കൂടുതൽ വേഗത്തിലാ ക്കുന്നതിനായി, ഡാറ്റാ ബാങ്കിലെ തെറ്റുകൾ തിരുത്തുന്നതിനുള്ള ഫോം-5 അപേക്ഷകളിൽ പ്രാദേശിക തല നിരീക്ഷണ സമിതിയുടെ (LLMC) യോഗം കാത്തുനിൽക്കാതെ തന്നെ കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ RDO-യ്ക്ക് തീരുമാനമെടുക്കാം എന്ന ഭേദഗതി 2024-ൽ നിലവിൽ വന്നു.

ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചതിലൂടെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും നിലവിലെ അവസ്ഥ സംബന്ധിച്ച് ശാസ്ത്രീയവും ആധികാരികവുമായ ഒരു രേഖ ലഭ്യമാകുകയും, അതിന്റെ അടിസ്ഥാനത്തിൽ ഭൂവിനിയോഗവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കാലതാമസം ഒഴിവാക്കി കൈക്കൊള്ളുന്നതിനും സാധിച്ചിട്ടുണ്ട്. ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവയുടെ യഥാർത്ഥ സ്ഥിതി രേഖപ്പെടുത്തുന്നതിനും സഹായകമായി.

കൃഷിഭൂമിയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമായതിനാൽ, നെൽകൃഷി റോയൽറ്റി, വിവിധ കാർഷിക സബ്സിഡികൾ, വിള ഇൻഷുറൻസ് തുടങ്ങിയ സർക്കാർ ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകരിലേക്ക് കൃത്യതയോടെയും വേഗതയോടെയുംഎത്തിക്കാൻ സാധിക്കുന്നു.

കൂടാതെ, ഡാറ്റാ ബാങ്ക് അടിസ്ഥാനമാക്കി കൃഷി ഓഫീസർമാരുടെ റിപ്പോർട്ടിംഗ് നടപടികൾ കൂടുതൽ ഉത്തരവാദിത്വപരവും സുതാര്യവുമാകുകയും, അനധികൃത ഭൂമി പരിവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും സംരക്ഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. ഇതുവഴി കാർഷിക ഭരണ നിർവഹണത്തിൽ സുതാര്യതയും കാര്യക്ഷമതയും വർധിച്ചിട്ടുണ്ട്.

ഡാറ്റാബാങ്ക് പ്രസിദ്ധീകരണം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാണ് നടപ്പിലാക്കിയിട്ടുള്ളത്. കൃഷിവകുപ്പ് ഐ.ടി. വിഭാഗം നടത്തിയ പ്രവർത്തനങ്ങളിൽ ജി.പി.എസ്. സംവിധാനം വഴി നെൽവയലുകൾ നിരീക്ഷിക്കാൻ നിലവിൽ സംവിധാനം ഒരുക്കിയിട്ടില്ല. എന്നാൽ നിലവിൽ കേരള സംസ്ഥാന ഭൂവിനിയോഗ വകുപ്പുമായി ചേർന്ന് കേരളത്തിലെ പാടശേഖരങ്ങളുടെ ഇപ്പോഴത്തെ ഭൂവിനിയോഗം നിരീക്ഷിക്കാൻ ഒരു പ്രൊജക്റ്റ് നടപ്പിലാക്കി വരുന്നു. ആദ്യ ഘട്ടമായി കേരളത്തിലെ ഏഴ് ജില്ലകളിലെ മുഴുവൻ നെൽ വയലുകളിലും പാടശേഖരങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വേ നടത്തി ജി.ഐ. എസ്. മാപ്പിംഗ് നടപ്പിലാക്കി വരുന്നു. അതുവഴി നെൽ വയലുകളുടെ നിലവിലെ ഭൂവിനിയോഗവും മറ്റു വിശദാംശങ്ങളും ജി. ഐ. എസ്. അധിഷ്ഠിത പ്ലാറ്റ്ഫോമിൽ രേഖപ്പെടുത്തി ഷേപ്പ് ഫയലുകളായി കൃഷിവകുപ്പിന്റെ കതിർ ഡാറ്റാബേസുമായി ഇന്റഗ്രേറ്റ് ചെയ്യുന്നു. പാലക്കാട്, മലപ്പുറം, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, ആലപ്പുഴ എന്നീ ജില്ലകളിലാണ് നിലവിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.

**സെക്ഷൻ ഓഫീസർ**